# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7640 23/07/2012 ൽ മറുപടിക്ക്

### പി.എസ്.സി.പരീക്ഷാ നടത്തിപ്പിൽ വരുത്തിയിട്ടുള്ള പരിഷ്കാരങ്ങൾ

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. പി. സി. ജോർജ്ജ് | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. പരീക്ഷാ നടത്തിപ്പിൽ വരുത്തിയിട്ടുള്ള പരിഷ്ക്കാരങ്ങൾ എന്തെല്ലാമാണ്; | (എ) പി.എസ്.സി പരീക്ഷയിൽ പങ്കെടുക്കുന്ന സ്ത്രീകൾക്കും വികലാംഗർക്കും അധികം യാത്ര ചെയ്യാതെ പരീക്ഷ എഴുതുന്നതിനായി അവരവരുടെ താലൂക്കുകളിൽ പരീക്ഷാ കേന്ദ്രങ്ങൾ അനുവദിക്കുന്നുണ്ട്. പരീക്ഷാ സമ്പ്രദായത്തിൽ സമൂലമായ മാറ്റം വരുത്തുന്നതിൻെറ ഭാഗമായി ചോദ്യബാങ്ക് രൂപീകരിക്കാൻ കമ്മീഷൻ നയപരമായി തീരുമാനിച്ചിട്ടുണ്ട്. പി.എസ്.സി പരീക്ഷകൾ ഓൺലൈൻ ആയി നടത്താൻ തീരുമാനിച്ചതിൻെറ ആദ്യഘട്ടമെന്ന നിലയിൽ സി.ഡിറ്റിനോട് ഇതു സംബന്ധിച്ച സോഫ്റ്റ് വെയർ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഡിപ്പാർട്ട്മെന്റൽ പരീക്ഷകൾ 2012 ജൂലൈ മുതൽ ഒ.എം.ആർ രീതിയിലേക്ക് പരിവർത്തനം ചെയ്യാൻ കമ്മീഷൻ തീരുമാനിക്കുകയും അതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| (ബി) സർക്കാർ സർവ്വീസിലെ വിവിധ തസ്തികകളിലേക്ക് അപേക്ഷിക്കുന്നതിനുള്ള യോഗ്യതാ മാനദണ്ഡങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ നല്കുമോ; | (ബി) ഓരോ വകുപ്പിന്റെയും സ്പെഷ്യൽ റൂളിൽ നിഷ്കർഷിച്ചിരിക്കുന്ന യോഗ്യതയുടെ അടിസ്ഥാനത്തിലാണ് പി.എസ്.സി വിവിധ തസ്തികകളിലേക്കുള്ള തിരഞ്ഞെടുപ്പുകൾ നടത്തുന്നത്. എൽ.ജി.എസ്, എൽ.ഡി.സി, എൽ.ഡി ടൈപ്പിസ്റ്റ്, അസിസ്റ്റന്റ് തുടങ്ങിയ തസ്തികകളുടെ യോഗ്യതാപരിഷ്കരണം സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള 1.7.11 ലെ സ.ഉ(പി) 21/11/ഉഭപവ യുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) പ്രസ്തുത മാറ്റങ്ങൾ നടപ്പിൽ വരുത്തുക വഴി ഗുണപരമായി എന്തെല്ലാം നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ? | (സി) വിദ്യാഭ്യാസ നിലവാരം കൂടുന്നതിനനുസരിച്ച് യോഗ്യതാമാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നത് സർക്കാർ സർവ്വീസിൻെറ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**